ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

തിയ്യതി : 22.08.2026

നമ്പർ : CGRF – 3339/26

ഹാജർ

ടി. എസ്. ജോസ്	-	ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ	-	മെമ്പർ
അഡ്വ. അസിയ.പി.കെ	-	മെമ്പർ

Bindu Sivadasan
Malayuttil House
East Fort. P.O.
Thottathil Lane
Jubilee Road, Thrissur
Ph : 9387225199.

പരാതിക്കാരി

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

എതിർകക്ഷി

പരാതിയുടെ സംക്ഷിപ്ത രൂപം :

23.05.2026 ൽ കൺസ്യൂമർ നം. 15313 - A, അമ്മിണി വേലായുധന്റെ പേരിലുള്ള സർവ്വീസ് കണക്ഷനിൽ 04/2026 മാസത്തെ വൈദ്യുതി ബിൽ മുൻകാല ബില്ലുകളേക്കാൾ വളരെയധികമാണ് എന്നാണ് പരാതിക്കാരിയായ ബിന്ദു ശിവദാസന്റെ അപേക്ഷ. എ.സി. പോലുള്ള ഉപകരണങ്ങൾ ഉപഭോക്താവിന്റെ വീട്ടിൽ ഇല്ല എന്നും മിതമായ രീതിയിലാണ് വൈദ്യുതി ഉപയോഗം എന്നും ആയതിനാൽ മേൽ ബിൽ തുക കുറവു ചെയ്ത് നൽകണമെന്നുമാണ് അപേക്ഷിച്ചിരിക്കുന്നത്.

ഫോറത്തിന്റെ നടപടികൾ :

03.06.2026 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. വിഷയത്തിൽ വിശദമായ സത്യവാങ്മൂലം നൽകുന്നതിന് ലൈസൻസിക്കു വേണ്ടി ബന്ധപ്പെട്ട സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കും, ബില്ലിങ്ങ് വിഭാഗം സൂപ്രണ്ടിനും അറിയിപ്പ് നൽകി. 05.06.2026 ന് പരാതി വിശദമായി പരിശോധിച്ചു.

വിഷയത്തിൽ ബന്ധപ്പെട്ട സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.

ടി സ്ഥലത്തെ പ്രാഥമിക പരിശോധനയിൽ മീറ്റർ ഫോൾട്ടി ആയി കണ്ടില്ല. അത് ഉറപ്പ് വരുത്തുന്നതിനായി ചെക്ക് മീറ്റർ സ്ഥാപിച്ച് പരിശോധയിലും മീറ്റർ ഫോൾട്ടി അല്ലെന്ന് സ്ഥിരീകരിച്ചു. സി.ജി.ആർ.എഫിലെ നിർദ്ദേശപ്രകാരം (09.07.2026) മീറ്റർ ഡാറ്റ ഡൗൺലോഡ് ചെയ്തു. ഡാറ്റ റിപ്പോർട്ട് പ്രകാരം ടിയാൻ എല്ലാ മാസവും യൂണിഫോം ആയി consumption ഉള്ളതായി സ്ഥിരീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സി.ജി.ആർ.എഫ്. ന്റെ സാന്നിദ്ധ്യത്തിൽ മീറ്റർ റീഡറെ ഹിയറിങ്ങിന് വിളിച്ച് സംസാരിച്ചതിൽ ടിയാൻ റീഡിംഗ് കൃത്യമായി എടുത്തിട്ടുള്ളതാണെന്ന് പറഞ്ഞു. എന്നാൽ ഡാറ്റ ഡൗൺലോഡിങ്ങ് റിപ്പോർട്ട് പ്രകാരം റീഡറുടെ വാദം തൃപ്തികരമല്ല. തുടർച്ചയായി പല ബില്ലുകളിലും വന്ന കുറവ് പുതിയ റീഡറുടെ

റീഡിങ്ങ് സമയത്ത് കൃത്യമായി വന്നതാണ് പെട്ടെന്ന് ഒരു ടേം ബിൽ കൂടാനും പ്രസ്തുത പരാതിക്കും ആധാരം എന്നിരുന്നാലും യൂണിറ്റ് ഉപയോഗം പാർട്ടി ഉപയോഗിച്ചതാണെന്ന് സ്ഥിരീകരിക്കപ്പെടുന്നു. ആയതിനാൽ തുക പാർട്ടിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധമായ മേൽ നടപടിയ്ക്കായി സമർപ്പിക്കുന്നു.

05.08.2026 ന് ഫോറത്തിൽ നേരിട്ട് ഹാജരാകുന്നതിന് പരാതിക്കാരിക്ക് അറിയിപ്പ് നൽകി. 05.08.2026 ന് പരാതിക്കാരിക്കു വേണ്ടി ശ്രീമതി. ബിന്ദു ശിവദാസൻ ഹാജരായി താഴെപ്പറയുന്ന വസ്തുതകൾ ബോധിപ്പിച്ചു.

സാധാരണയായി 1300/-, 1400/- രൂപയുടെ ബില്ലുകളാണ് ലഭിച്ചു വരുന്നത്. എന്നാൽ നാലാം മാസത്തിൽ വലിയ ബില്ലായ 14695/- രൂപയാണ് ലഭ്യമായത്. ഇലക്ട്രീഷ്യനെ വിളിച്ച് ചെക് ചെയ്തപ്പോൾ തകരാറൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല. അവസാനം ലഭിച്ച ബില്ലും സാധാരണ രീതിയിലുള്ളതാണ്. വീട്ടിൽ എ.സി. പോലുള്ള ഉപകരണങ്ങൾ ഇല്ല.

വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സൂപ്രണ്ട് സമർപ്പിച്ച സത്യവാങ്മൂലം.

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലെ കൺസ്യൂമർ നമ്പർ : 15313 - A കെട്ടിട നമ്പർ 4/175/1A, നാല് കി.വാട്ട് കണക്ടഡ് ലോഡ്, എൽ.ടി. I താരിഫ്, സിംഗിൾ ഫേസ് ദ്വൈമാസ ബില്ലുകൾ നൽകി വരുന്ന കണക്ഷനാണ്. സ്പോട്ട് ബിൽ മീറ്റർ റീഡർ നൽകി വരുന്ന റീഡിങ്ങ് പ്രകാരമാണ് ബിൽ ചെയ്തു വരുന്നത്. ആയത് പ്രകാരം ബില്ലിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

No.	Bill Date	Previous Reading	Present Reading	Unit	Amount
1	27.06.2024	11123	11450	327	1525
2	23.08.2024	11450	11700	250	1316
3	24.10.2024	11700	11960	260	1373
4	23.12.2024	11960	12230	270	1429
5	24.02.2025	12230	12487	257	1411
6	26.04.2025	124087	12787	300	1618
7	26.06.2025	12787	13069	282	1219
8	25.08.2025	13069	13289	220	1194
9	28.10.2025	13289	13505	216	1174
10	29.12.2025	13505	13755	250	1372
11	27.02.2026	13755	14009	254	1386
12	29.04.2026	14009	15400	1391	14695
13	29.06.2026	15400	15830	430	2530

ഫോറത്തിന്റെ നിഗമനം.

ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ബില്ലിംഗ് വിഭാഗം, പരാതിക്കാരി എന്നിവരുടെ സത്യ വാങ്മൂലം ഫോറം വിശദമായി പരിശോധിച്ചു. ചെക്ക് മീറ്റർ ഉപയോഗിച്ച് 21.05.2026 ൽ മീറ്റർ പരിശോധിക്കുകയും അപാകതകൾ ഇല്ല എന്ന് കണ്ടെത്തുകയും ചെയ്തു.

ബില്ലിങ്ങ് വിഭാഗത്തിൽ നിന്നും ലഭിച്ച മീറ്റർ റീഡിംഗുകൾ പരിശോധിച്ചതിൽ 29.04.2026 ലെ ബില്ല് വളരെ കൂടിയിട്ടുള്ളതായി ഫോറത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. 04/26 ലെ മീറ്റർ

റീഡിങ്ങ് കുടുതലായതിനാൽ മീറ്റർ ഡാറ്റ ഡൗൺലോഡ് ചെയ്ത് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അറിയിപ്പ് നൽകി.

04/26 ലെ റീഡിങ്ങ് കൂടാനുള്ള സാഹചര്യം എന്താണ് എന്ന് വ്യക്തത വരുത്തുന്നതിന് വേണ്ടി അടുത്ത സിറ്റിങ്ങിൽ ഹാജരാകുന്നതിന് മീറ്റർ റീഡർ, റീഡിങ്ങ് കരാറുകാരൻ എന്നിവർ ഉൾപ്പെടെ യോഗത്തിന് ഹാജരാകുന്നതിന് 05.08.2026 ൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകി.

07.08.2026 ൽ മീറ്റർ റീഡർ, റീഡിങ്ങ് കരാറുകാരൻ എന്നിവരെ വിശദമായി കേൾക്കുകയും താഴെപ്പറയുന്ന വസ്തുതകൾ ബോധിപ്പിക്കുകയും ചെയ്തു.

അപകടം സംഭവിച്ചതിനാൽ പുതിയ മീറ്റർ റീഡറാണ് പരാതിക്കടിസ്ഥാനമായ റീഡിങ്ങ് എടുത്തത്. മീറ്ററിൽ റീഡിങ്ങ് നോക്കി ഉറപ്പു വരുത്തിയതിന് ശേഷമാണ് റീഡിങ്ങ് രേഖപ്പെടുത്തി വരുന്നത്. ഇപ്പോൾ വന്ന വ്യത്യാസം പരിശോധിച്ചാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. കൃത്രിമങ്ങളൊന്നും നടത്തിയിട്ടില്ല. 250 യൂണിറ്റിൽ ഒക്കെയാണ് വ്യത്യാസം വന്നിരിക്കുന്നത്. കൃത്രിമം നടത്തേണ്ടതാണെങ്കിൽ പുതിയ ആളിനോടും അത് ചെയ്യാൻ പറയുമായിരുന്നു. കൃത്രിമത്തിന് കൂട്ടു നിൽക്കുന്ന കൺസ്യൂമർ ആയിരുന്നെങ്കിൽ അവർ പരാതിയുമായി വരില്ലായിരുന്നു. എന്നെ നേരിട്ട് പരാതിക്കാരി വിളിച്ചിട്ടില്ല. ആയതിനാൽ കൃത്രിമമൊന്നും ചെയ്തിട്ടില്ല. റീഡിങ്ങ് എടുക്കുന്ന തിയ്യതികളിൽ ചെറിയ വ്യത്യാസങ്ങൾ വരുമ്പോൾ അറുപത് ദിവസത്തേക്ക് അഡ്ജസ്റ്റ് ചെയ്ത് കൊടുക്കാറുണ്ട്.

ഇത് സംബന്ധിച്ച് ലൈസൻസിയെ പ്രതിനിധികരിച്ച അസിസ്റ്റന്റ് എഞ്ചിനീയർക്കും മീറ്റർ റീഡർക്കും കൃത്യമായ വിശദീകരണം നൽകാൻ സാധിച്ചില്ല.

മീറ്റർ ഡാറ്റ ഡൗൺലോഡ് ചെയത് പരിശോധിച്ചതിലും മീറ്റർ തകരാറില്ല, ശരിയായ റീഡിങ്ങ് തന്നെയാണെന്ന് രേഖപ്പെടുത്തിയിട്ടുളളത് എന്നും, ആയതിനാൽ മീറ്റർ ശരിയായ രീതിയിലാണ് പ്രവർത്തിച്ചു വരുന്നതെന്നും മീറ്റർ തകരാറില്ല എന്ന ലൈസൻസിയുടെ റിപ്പോർട്ട് ശരിയാണ് എന്ന നിഗമനത്തിൽ ഫോറം എത്തിച്ചേർന്നു. 18.07.2026 ൽ മീറ്റർ ഡൗൺ ലോഡ് ഡാറ്റ ഇപ്രകാരമാണ്.

ഡാറ്റ ഡൗൺലോഡഡ് റിപ്പോർട്ട്

Month	Period	Param 1 KWh
	Current	102.94
06/2026	History 1	174.22
05/2026	History 2	200.06
04/2026	History 3	244.80
03/2026	History 4	202.90
02/2026	History 5	193.80
01/2026	History 6	171.55
12/2025	History 7	183.12
11/2025	History 8	155.02
10/2025	History 9	134.55
09/2025	History 10	142.66
08/2025	History 11	134.90

ഇതു പ്രകാരം രണ്ട് മാസം കൂടുമ്പോൾ 350 യൂണിറ്റ് ആവറേജ് വരുന്നതായി കാണുന്നു. ഇതോടൊപ്പം മീറ്റർ റീഡിങ്ങിൽ വന്നിട്ടുള്ള അപാകതകളും, ലൈസൻസി മേൽനോട്ടം വഹിക്കേണ്ട സാഹചര്യവും ഫോറം ലൈസൻസിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തീരുമാനിച്ചു. മീറ്റർ റീഡിംഗ് സംബന്ധിച്ച് റെഗുലേഷൻ പ്രകാരം മീറ്റർ 5 വർഷത്തിൽ ഒരിക്കൽ

പരിശോധിക്കേണ്ടതാണ്. മീറ്റർ റീഡിംഗ്, ചെക്ക് റീഡിംഗ് നടത്തേണ്ടതാണ് എന്ന് ഫോറം അഭിപ്രായപ്പെട്ടു. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്ന വിധം സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടികളും ലൈസൻസി നടത്തേണ്ടതാണ് എന്ന് ഫോറം വിലയിരുത്തി.

ഉത്തരവ് നടപടികൾ :

മീറ്റർ തകരാറില്ല എന്ന് വ്യക്തമായ സാഹചര്യത്തിൽ ബിൽ പ്രകാരമുള്ള തുക പരാതിക്കാരി അടവാക്കേണ്ടതാണ് ആവശ്യമായ പക്ഷം പലിശ രഹിത ഗഡുക്കൾ ആയി തുക അടവാക്കാൻ ലൈസൻസി സൗകര്യം ചെയ്യേണ്ടതാണ്.

അഡ്വ. അസിയ.പി.കെ
മെമ്പർ

വിനുകൃഷ്ണൻ. കെ
മെമ്പർ

ടി.എസ്. ജോസ്
ചെയർപേഴ്സൺ

THRISSUR MUNICIPAL CORPORATION
ELECTRICITY DEPARTMENT